**F. No. FC-11/61/2021-FC**

ഇന്ത്യാ ഗവൺമെന്റ്
പരിസ്ഥിതി, വനം, കാലാവസ്ഥാമാറ്റം കാര്യവകുപ്പ്
**(വന സംരക്ഷണ വിഭാഗം)**

ഇന്ദിര പര്യവരൺ ഭവൻ
അലിഗഞ്ച്, ജോർഭാഗ് റോഡ്
ന്യൂ ഡൽഹി - 110003
തീയതി 02 ഒക്ടോബർ 2021

To,

1. എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും അഡീ. ചീഫ് സെക്രട്ടറിമാർ (വനം)/പ്രിൻസിപ്പൾ സെക്രട്ടറിമാർ (വനം)
2. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും പിസിസിഎഫ്
3. പ്രാദേശിക ഉദ്യോഗസ്ഥർ, എല്ലാ ഐആർഒമാർ, എംഒഇഎഫ്സിസി
4. ബന്ധപ്പെട്ട മറ്റെല്ലാവർക്കും.
5.

വിഷയം**:** വന **(**സംരക്ഷണം**)** നിയമം **1980** ലേക്ക് പരിഗണിക്കുന്ന ഭേദഗതികളിന്മേൽ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനുള്ള സമയം നീട്ടുന്നു**.**

മാഡം/സർ,

വന (സംരക്ഷണം) നിയമം 1980 ലേക്ക് പരിഗണിക്കുന്ന ഭേദഗതികളിന്മേൽ പതിനഞ്ച് ദിവസത്തിനുള്ളിൽ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിച്ചുകൊണ്ട് 02.10.2021 ൽ അയച്ച കത്തിലേക്ക് (മന്ത്രാലയത്തിന്റെ വെബ്സൈറ്റായ www.parivesh.nic.in ലും www.moef.nic.in ലും ചേർത്തിട്ടുള്ളത്) ഞാൻ താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വിവിധ മണ്ഡലങ്ങളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ, നിർദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി 15 ദിവസം കൂടി നീട്ടാൻ തീരുമാനിച്ചിരിക്കുന്ന വിവരം **(01.11.2021** വരെ**)** താങ്കളെ അറിയിക്കുന്ന കർത്തവ്യം എന്നിൽ നിക്ഷിപ്തമായിരിക്കുന്നു.

ആയതിനാൽ, ഇതുമായി ബന്ധപ്പെട്ടവരെല്ലാം മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ (www.parivesh.nic.in/www.moef.nic.in) ഉൾപ്പെടുത്തിയിട്ടുള്ള അഭിപ്രായസ്വരൂപണ പത്രം ഉപയോഗിച്ച് 01.11.2021 ന് മുമ്പ് നിർദേശങ്ങളും അഭിപ്രായങ്ങളും fca-amendment@gov.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കണമെന്ന് അപേക്ഷിക്കുന്നു. ഇതിൻപ്രകാരം 02.10.2021 ൽ മേൽപ്പറഞ്ഞ വിഷയം ഉദ്ധരിച്ച് അയച്ച കത്ത് ഭേദഗതി ചെയ്തിരിക്കുന്നു.

മുകളിൽ പരാമർശിച്ചിട്ടുള്ള മന്ത്രാലയത്തിലെ ബന്ധപ്പെട്ട മേലധികാരിയുടെ അനുമതിയോടു കൂടിയാണ് ഈ കത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

എന്ന്,
വിശ്വാസപൂർവ്വം
ഒപ്പ്
സന്ദീപ് ശർമ
(അസിസ്റ്റന്റ് ഇൻസ്‌പെക്ടർ ജനറൽ, വനംവകുപ്പ്)

പകർപ്പ്

1. ഡയറക്ടർ (സാങ്കേതികം), എൻഐസി. കത്ത് മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം.

**F. No. FC-11/61/2021-FC**

ഇന്ത്യാ ഗവൺമെന്റ്

പരിസ്ഥിതി, വനം, കാലാവസ്ഥാമാറ്റം കാര്യവകുപ്പ്

**(വന സംരക്ഷണ വിഭാഗം)**

ഇന്ദിര പര്യവരൺ ഭവൻ
അലിഗഞ്ച്, ജോർഭാഗ് റോഡ്
ന്യൂ ഡൽഹി - 110003
തീയതി: 04 ഒക്ടോബർ 2021

തെറ്റ് തിരുത്തൽ രേഖ

വിഷയം**:** വന **(**സംരക്ഷണം**)** നിയമം **1980** ലേക്ക് പരിഗണിക്കുന്ന ഭേദഗതികളിന്മേൽ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിക്കുന്നു**.**

മാഡം/സർ,

2.10.2021 ല് മേൽപ്പറഞ്ഞ വിഷയത്തിൽ അയച്ച കത്തിനെ സംബന്ധിച്ച്. മേൽപ്പറഞ്ഞ കത്തിൽ നൽകിയിരുന്ന ഇമെയിൽ വിലാസം fca.amendment@gov.in എന്നതിന് പകരം fca-amendment@gov.in എന്ന് ദയവായി വായിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്,
വിശ്വാസപൂർവ്വം
ഒപ്പ്
സന്ദീപ് ശർമ
(അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ, വനംവകുപ്പ്)

To,

1. എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും അഡീ. ചീഫ് സെക്രട്ടറിമാർ (വനം)/പ്രിൻസിപ്പൾ സെക്രട്ടറിമാർ (വനം)
2. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും പിസിസിഎഫ്
3. പ്രാദേശിക ഉദ്യോഗസ്ഥർ, എല്ലാ ഐആർഒമാർ, എംഒഇഎഎഫ്സിസി
4. ബന്ധപ്പെട്ട മറ്റെല്ലാവർക്കും.

പകർപ്പ്

1. ഡയറക്ടർ (സാങ്കേതികം), എൻഐസി. മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ തെറ്റ് തിരുത്തൽ രേഖ അപ്ലോഡ് ചെയ്യാനുള്ള അപേക്ഷയോടൊപ്പം.

**F. No. FC-11/61/2021-FC**

ഇന്ത്യാ ഗവൺമെന്റ്

പരിസ്ഥിതി, വനം, കാലാവസ്ഥാമാറ്റം കാര്യവകുപ്പ്

**(വന സംരക്ഷണ വിഭാഗം)**

ഇന്ദിര പര്യവരൺ ഭവൻ
അലിഗഞ്ച്, ജോർഭാഗ് റോഡ്
ന്യൂ ഡൽഹി - 110003
തീയതി 02 ഒക്ടോബർ 2021

To,

1. എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും അഡീ. ചീഫ് സെക്രട്ടറിമാർ (വനം)/പ്രിൻസിപ്പൾ സെക്രട്ടറിമാർ (വനം)
2. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും പിസിസിഎഫ്
3. പ്രാദേശിക ഉദ്യോഗസ്ഥർ, എല്ലാ ഐആർഒമാർ, എംഒഇഎഎഫ്സിസി
4. ബന്ധപ്പെട്ട മറ്റെല്ലാവർക്കും.

വിഷയം**:** വന **(**സംരക്ഷണം**)** നിയമം **1980** ലേക്ക് പരിഗണിക്കുന്ന ഭേഗഗതികളിന്മേൽ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിക്കുന്നു**.**

മാഡം/സർ,

1980 ലെ വന (സംരക്ഷണ) നിയമത്തിന്റെ നടത്തിപ്പ് സുഗമമാക്കുന്നതിനായി കേന്ദ്ര സർക്കാർ ചില ഭേദഗതികൾ മുന്നോട്ടുവെച്ചിരിക്കുന്ന വിവരം താങ്കളെ അറിയിക്കുന്നതിനായി എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ നിയമം നിലവിലുണ്ടായിരുന്ന കഴിഞ്ഞ 40 വർഷത്തിനിടെ, രാജ്യത്തെ പാരിസ്ഥിതിക, സാമൂഹിക, ആവാസ വ്യവസ്ഥകളിൽ കാതലായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഈ ദ്രുതമാറ്റങ്ങൾക്കനുസരിച്ച്, ഈ നിയമത്തിൻ കീഴിൽ പലപ്പോഴായി പുതിയ ചട്ടങ്ങളും മാർഗനിർദേശങ്ങളും പുറപ്പെടുവിക്കാനും ശ്രമങ്ങൾ നടത്തി. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്ക് കൂടി അനുസൃതമായിട്ടായിരുന്നു ഈ നിയമനിർമാണങ്ങൾ. എന്നിട്ടും നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച്, വനസംരക്ഷണവും വേഗത്തിലുള്ള വികസനവും ഫലപ്രദമായി സമന്വയിപ്പിക്കുന്നതിനുവേണ്ടി, വീണ്ടും ചില പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു. വന (സംരക്ഷണ) നിയമം 1980 ൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, പൊതുജനങ്ങളിൽ നിന്ന് അഭിപ്രായശ്രുപീകരണം നടത്തുന്നതിനായുള്ള ഒരു പത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ഡിജിറ്റൽ പകർപ്പ് പരിസ്ഥിതി, വനം, കാലാവസ്ഥാമാറ്റം കാര്യവകുപ്പിന്റെ വെബ്സൈറ്റായ www.parivesh.nic.in ലും ലഭ്യമാക്കിയിട്ടുണ്ട്.

1980 ലെ വന (സംരക്ഷണ) നിയമത്തിൽ വരുത്താനുദ്ദേശിക്കുന്ന ഈ മാറ്റങ്ങളിന്മേൽ, എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റെല്ലാ കക്ഷികളുടെയും അഭിപ്രായങ്ങൾ തേടാനുള്ള ചുമതലയും എന്നിൽ നിക്ഷിപ്തമായിരിക്കുന്നു. ദയവായി അടുത്ത 15 ദിവസത്തിനുള്ളിൽ fca.amendment@gov.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കുക.

മുകളിൽ പരാമർശിച്ചിട്ടുള്ള മന്ത്രാലയത്തിലെ ബന്ധപ്പെട്ട മേലധികാരിയുടെ അനുമതിയോടു കൂടിയാണ് ഈ കത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

എന്ന്,<br>
വിശ്വാസപൂർവ്വം<br>
ഒപ്പ്<br>
സന്ദീപ് ശർമ<br>
(അസിസ്റ്റന്റ് ഇൻസ്‌പെക്ടർ ജനറൽ, വനംവകുപ്പ്)

പകർപ്പ്

1. ഡയറക്ടർ (സാങ്കേതികം), എൻഐസി. മന്ത്രാലയത്തിന്റെ വെബ്‌സൈറ്റിൽ പൊതുജനങ്ങളിൽ നിന്ന് അഭിപ്രായം സ്വരൂപിക്കാനുള്ള പത്രം അപ്ലോഡ് ചെയ്യാനുള്ള അപേക്ഷയോടൊപ്പം.

# വന (സംരക്ഷണ) നിയമം 1980 ൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതികളിന്മേൽ അഭിപ്രായ സ്വരൂപണം നടത്തുന്നതിനുള്ള പത്രം

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാമാറ്റം കാര്യവകുപ്പ്.
ഇന്ത്യാ ഗവൺമെന്റ്
ഐപി ഭവൻ
ജോർഭാഗ് റോഡ്, ന്യൂഡൽഹി
ഒക്ടോബർ **2021**

## A. പശ്ചാത്തലം

1. 1980 ഒക്ടോബർ 25 നാണ് വന (സംരക്ഷണ) നിയമം (ഇനി മുതൽ നിയമം എന്ന് പരാമർശിക്കുന്നു) പ്രഖ്യാപിച്ചതും നടപ്പിൽ വരുത്തിയതും. വനങ്ങളുടെ സംരക്ഷണവും അതുമായി ബന്ധപ്പെട്ടതോ അനുബന്ധമായതോ സഹജമായതോ ആയ കാര്യങ്ങളിന്മേൽ സഹായിക്കാനുതകുന്നതാണ് ഈ നിയമമെന്ന് അതിന്റെ ആമുഖത്തിൽ പരാമർശിക്കുന്നു. ഈ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചതിന്റെ (ബിൽ നമ്പർ 201, 1980) ഉദ്ദേശ്യലക്ഷ്യങ്ങളും കാരണങ്ങളും താഴെ പറയുന്നു.

ഉദ്ദേശ്യലക്ഷ്യങ്ങളും കാരണങ്ങളും

വനനശീകരണം ആവാസവ്യവസ്ഥയുടെ താളം തെറ്റുന്നതിനും പരിസ്ഥിതിയുടെ ക്രമേണയുള്ള നാശത്തിനും കാരണമാകുന്നു. രാജ്യത്ത് വൻതോതിൽ നടന്നുവരുന്ന വനനശീകരണം, വ്യാപകമായ ഉത്കണ്ഠയ്ക്കിടയാക്കുന്നു.

2. ഭാവിയിൽ വനനശീകരണപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി 1980 ഒക്ടോബർ 25ന് ബഹുമാനപ്പെട്ട രാഷ്ട്രപതി വന (സംരക്ഷണ) ഓർഡിനൻസ് പുറപ്പെടുവിച്ചു. സംരക്ഷിത വനങ്ങളുടെ സംരക്ഷിത പദവി നീക്കുന്നതിനും വനഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ അനുമതി നിർബന്ധമാക്കുന്നതായിരുന്നു ഈ ഓർഡിനൻസ്. വനഭൂമിയുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിനെ സഹായിക്കുന്നതിനായി ഒരു ഉപദേശക സമിതി സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥയും ഈ ഓർഡിനൻസിൽ ഉൾപ്പെടുത്തിയിരുന്നു.

3. മേൽപ്പറഞ്ഞ ഓർഡിനൻസിന് പകരമായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

2. 1988 ല് നിയമം ഭേദഗതി ചെയ്തു. ആ മാറ്റങ്ങൾ കൂടി കൂട്ടിച്ചേർത്ത നിയമമാണ് **(annexed)** ഇന്ന് നമുക്ക് മുന്നിലുള്ളത്.
3. 1996 ഡിസംബർ 12 വരെ ഇന്ത്യൻ വനനിയമം 1927 ലോ പ്രാദേശിക നിയമങ്ങളിലോ പരാമർശിച്ചിട്ടുള്ള വനങ്ങളിലോ വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള വനങ്ങളിലോ മാത്രം ഈ നിയമം ബാധമാക്കുന്നതായിരുന്നു സംസ്ഥാന സർക്കാരുകളും കേന്ദ്രഭരണപ്രദേശങ്ങളും കേന്ദ്ര ഗവൺമെന്റും സ്വീകരിച്ചിരുന്ന പൊതുരീതി. എന്നാൽ 1996 ഡിസംബർ 12ൽ ടി.എൻ ഗോദവർമൻ തിരുമുൽപ്പാടും കേന്ദ്രസർക്കാരും മറ്റ് കക്ഷികളും തമ്മിലുള്ള കേസിൽ, സിവിൽ റിട്ട് ഹർജി നമ്പർ 202/1995 മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് വന്നതോടെ സ്ഥിതി മാറി. താഴെ പറയുന്ന വിഷയങ്ങളിൽ കൂടി ഈ നിയമം ബാധകമാക്കി.

   a. ഏതൊരു സർക്കാർ രേഖയിലും 'വനം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഏത് ഭൂമിയും, അതിന്റെ ഉടമസ്ഥാവകാശവും തരംതിരിവും പദവിയും എന്തുതന്നെയായാലും, അതിനെ വനഭൂമിയായി കണക്കാക്കണം. മറ്റെല്ലാ നിയമങ്ങളിലും 'വനം' എന്ന് പരാമർശിച്ചിട്ടുള്ള എല്ലാ ഭൂമിയും ഇതിലുൾപ്പെടുന്നു.

b. മേൽപ്പറഞ്ഞ ഉപഖണ്ഡികയിൽ (3a) പരാമർശിച്ചിട്ടില്ലാത്തതും, എന്നാൽ നിഘണ്ടുവിൽ 'വനം' എന്ന അർത്ഥം വരുന്ന മറ്റെല്ലാ ഭൂമിയിലും നിയമം ബാധകമാണ്.
c. 1996 ഡിസംബർ 12 സുപ്രീംകോടതി ഉത്തരവ് പ്രകാരം രൂപീകരിച്ച വിദഗ്ദ സമിതി, 1997 ല് സമർപ്പിച്ച സത്യവാങ്മൂലത്തിൽ വനഭൂമിയാണെന്ന് കണ്ടെത്തിയിരിക്കുന്ന എല്ലാ ഭൂമിയിലും ഈ നിയമം ബാധകമാണ്.

ഇതനുസരിച്ച്, ഓരോ സംസ്ഥാനത്തും വനഭൂമിയാണെന്ന് വിദഗ്ധ സമിതി സ്ഥിരീകരിച്ച സ്ഥലങ്ങളിലെല്ലാം അതാത് സംസ്ഥാന സർക്കാരുകളും വനഭൂമിയായി കണക്കാക്കി ഈ നിയമം ബാധകമാക്കി. നിഘണ്ടു പ്രകാരം വനം എന്ന് നിർവചിക്കാവുന്ന സ്ഥലങ്ങളും ഇതിലുൾപ്പെടുന്നു. മേൽപ്പറഞ്ഞ സുപ്രീംകോടതി ഉത്തരവിനെ വ്യാഖ്യാനിച്ച് വന-ഇതര ഭൂമിയിലെ തോട്ടങ്ങളും വനമായി പരിഗണിച്ചുവരുന്നു.

4. ഈ നിയമമനുസരിച്ച് വനഭൂമിയുടെ സംരക്ഷിത പദവി എടുത്തുകളയുന്നതിനും വനത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനും വനം പാട്ടത്തിന് കൊടുക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി നിർബന്ധമാണ്.

ബി. വിദഗ്ധാഭിപ്രായം തേടുന്ന വിഷയങ്ങൾ

1. നിലവിലെ സാഹചര്യത്തിൽ എല്ലാ സർക്കാർ വനഭൂമിയും, സർക്കാർ രേഖകളിൽ വനമായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയും നിയമത്തിന് കീഴിൽ വരുന്നു. മാത്രമല്ല, പ്രാദേശിക മാനദണ്ഡങ്ങളനുസരിച്ച് വനമായി കണക്കാക്കുന്ന പച്ചപ്പുള്ള സ്ഥലങ്ങളിലും നിയമം ബാധകമാകാറുണ്ട്. അതിൽ ആ ഭൂമിയുടെ തരമോ ഉടമസ്ഥാവകാശമോ കണക്കാക്കപ്പെടുന്നില്ല. ഒരു പരിധിവരെ ഇത്തരം ഭൂമി വനമായി നിശ്ചയിക്കുന്നത് ഏകപക്ഷീയമായും വ്യത്യസ്ത ഘടകങ്ങളെ ആശ്രയിച്ചുമാണ്. ഇത് സംശയങ്ങൾക്കും അനിശ്ചിതാവസ്ഥയ്ക്കുമിടയാക്കുന്നു. സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും എതിർപ്പിനും വിരോധത്തിനും കാരണമാവുകയും ചെയ്യുന്നു. സ്വകാര്യഭൂമി വനമായി പരിഗണിക്കപ്പെടുമ്പോൾ, ആ ഭൂമി വന-ഇതര പ്രവർത്തികൾക്കുപയോഗിക്കാനുള്ള ഉടമയുടെ അവകാശവും തടസപ്പെടുന്നു. പലപ്പോഴും ഭൂമിയുടെ ഉപയോഗത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ ഈ നിയമത്തിൻ കീഴിൽ സർക്കാർ പരിഗണിക്കാറില്ല. അഥവാ പരിഗണിച്ചാൽ തന്നെ, സ്വന്തം ഭൂമി വന-ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു വേണ്ടി ഭൂവുടമ അതേ അളവിൽ വന-ഇതര ഭൂമി സർക്കാരിന് നൽകുകയും മറ്റ് കരങ്ങൾ ഒടുക്കുകയും ചെയ്യണം. ഇതുകാരണം ഫലഭൂയിഷ്ഠമായ ഭൂമി പോലും തരിശാക്കി സൂക്ഷിക്കുന്നതിനുള്ള പ്രവണത സ്വകാര്യ ഭൂവുടമകൾക്കിടയിലുണ്ടായി. ആയതിനാൽ, ഈ നിയമത്തിന്റെ പ്രായോഗികത നിഷ്പക്ഷമായ രീതിയിൽ പുനർനിർവചിക്കേണ്ടത് അത്യന്തം ആവശ്യകരമാണെന്ന് കരുതുന്നു.

2. നിലവിലുള്ള നിയമത്തോട് റയിൽവേ, റോഡ് ഗതാഗതം, ഹൈവേ, തുടങ്ങിയ മന്ത്രാലയങ്ങൾക്ക് ശക്തമായ എതിർപ്പുണ്ട്. റോഡ് ഗതാഗതത്തിനും റെയിൽവേയ്ക്കും ആവശ്യമായ വഴി നിർമിക്കുന്നതിനുള്ള അവകാശത്തിന് (Right of Way) ഈ നിയമം തടസമാകുന്നതാണ് കാരണം. ഇന്ന് ഈ വികസന ഏജൻസികളുടെ കൈവശമുള്ള മിക്ക ഭൂമിയും 1980ന് മുമ്പേ

നിയമാനുസൃതം ഏറ്റെടുത്തവയാണ്. റയിൽവേയ്ക്കും റോഡിനും ആവശ്യമായ വികസന പ്രവർത്തനങ്ങൾക്കാണ് ഈ മന്ത്രാലയങ്ങൾ ഭൂമി ഏറ്റെടുത്ത് ഉപയോഗിച്ചുവരുന്നത്. ഇത്തരം ഭൂമിയുടെ ഒരു ഭാഗം ഏറ്റെടുത്ത സമയത്തുണ്ടായിരുന്ന ഉദ്ദേശ്യം സാധ്യമാക്കുന്നതിനായി ഉപയോഗിക്കുകയും ബാക്കി ഭാവിയിൽ ആവശ്യമായി വന്നേക്കാവുന്ന വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുകയും ചെയ്യുന്നു. ബാക്കി വരുന്ന ഭൂമിയിലെ മരങ്ങളും വനവും അതേപടി സൂക്ഷിക്കുകയും (1980 ന് മുമ്പത്തെ അവസ്ഥയിൽ) വെറുതെ കിടക്കുന്ന സ്ഥലത്ത് സർക്കാർ പദ്ധതികളനുസരിച്ച് നടീലിന് ഉപയോഗിക്കാറുമാണ് പതിവ്. ഏറ്റെടുത്ത ഈ ഭൂമിയിലെ സസ്യലതാദികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ചിലപ്പോഴൊക്കെ അവയെ സംരക്ഷിതവനങ്ങളായി പ്രഖ്യാപിക്കാറുമുണ്ട്. വന (സംരക്ഷണ) നിയമം പ്രാബല്യത്തിൽ വരികയും അതിൽ വ്യക്തത വരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിറക്കുകയും ചെയ്തതോടെ, ഇങ്ങനെ വെറുതെ കിടക്കുന്ന ഭൂമി വന-ഇതര ആവശ്യങ്ങൾക്കുപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വേണമെന്നായി. തുടർന്ന് ഭൂമി ഏറ്റെടുത്ത ഏജൻസികൾ (റയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, പിഡബ്ല്യൂഡി, തുടങ്ങിയവ) നഷ്ടപരിഹാരമായി ഭൂമിയുടെ അന്നത്തെ വിപണി വില നൽകേണ്ടതായോ, പകരം വനം നട്ടുപിടിപ്പിക്കുകയോ ഒക്കെ ചെയ്യേണ്ടതായി വന്നു. നേരത്തെ ഈ ഏജൻസികൾ നിയമാനുസൃതം വന-ഇതര പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്തിരുന്ന ഭൂമിയ്ക്ക് വേണ്ടിയാണ് വീണ്ടും നഷ്ടപരിഹാരം നൽകേണ്ട സ്ഥിതിയുണ്ടാകുന്നത്. അതിനാൽ 1980 ഒക്ടോബർ 25ന് മുമ്പ് ഏറ്റെടുത്ത ഭൂമിയെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനാണ് ഇപ്പോൾ ഈ മന്ത്രാലയം ആലോചിക്കുന്നത്.

3. (i) നമ്മുടെ രാജ്യത്തിന്റെ ഭൂരിഭാഗവും ഉഷ്ണമേഖലാ പ്രദേശങ്ങളാണ്. അതുകൊണ്ടുതന്നെ വെറുതെ കിടക്കുന്ന ഭൂമിയിൽ സ്വാഭാവികമായി പച്ചപ്പുണ്ടാകാനുള്ള പ്രവണത കൂടുതലാണ്. നിയന്ത്രിക്കാതെ വിട്ടാൽ കാലക്രമേണ വനസമാനമായ രൂപത്തിലേക്ക് അവ വളർന്നു പന്തലിക്കും. നിഘണ്ടുവിലെ നിർവചന പ്രകാരം ഇത്തരം ഭൂമിയെ പിന്നെ വനഭൂമിയായി പരിഗണിക്കേണ്ടിയും വരും. അങ്ങനെ ഇത്തരം ഭൂമിയിലും ഈ നിയമം ബാധകമായി തീരുന്നു. ഇതൊഴിവാക്കാൻ വ്യക്തികൾ അവരുടെ ഭൂമിയിൽ മരങ്ങളും മറ്റും വളരുന്നതിനെ തടസപ്പെടുത്തുന്ന പ്രവണത കണ്ടുവരുന്നു.

(ii) 1988 ലെ ദേശീയ വനനയം നമ്മുടെ രാജ്യത്തിന്റെ മൂന്നിലൊന്ന് ഭാഗം വനമോ മരങ്ങളുള്ളതോ ആക്കി മാറ്റാൻ വിഭാവനം ചെയ്യുന്നതാണ്. ഈ ലക്ഷ്യത്തിലെത്താനുള്ള പ്രവർത്തനങ്ങളുടെ വേഗം ഒട്ടും തൃപ്തികരമല്ല. നിലവിൽ രാജ്യത്തെ ആകെ ഭൂവിസ്തൃതിയുടെ 24.56% ത്തിലാണ് വനങ്ങളും മരങ്ങളുമുള്ളത്. ഇതിൽ കൂടുതൽ വനവിസ്തൃതി കൈവരിക്കുന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല. അതിനാൽ സ്വകാര്യ ഉടമസ്ഥതയിലുള്ളത് ഉൾപ്പെടെ കൂടുതൽ വന-ഇതര ഭൂമിയിൽ മരങ്ങൾ വെച്ചുപിടിപ്പിക്കേണ്ടത് രാജ്യത്തിന്റെ ആവാസവ്യവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും സമ്പദ് വ്യവസ്ഥയ്ക്കും അത്യന്താപേക്ഷിതമാണ്.

(iii) കാലാവസ്ഥാ മാറ്റത്തിന്റെ തീവ്രത കുറയ്ക്കുന്നതിനായി രാജ്യം ചില ലക്ഷ്യങ്ങൾ (Nationally Determined Contribution) നിശ്ചയിച്ചിട്ടുണ്ട്. 2030ന് മുമ്പ് രണ്ടര മുതൽ മൂന്ന് ടൺ വരെ അധികം കാർബൺ ഡയോക്സൈഡ് വലിച്ചെടുക്കാൻ ശേഷിയുള്ള ജൈവസമ്പത്ത് സൃഷ്ടിക്കുക, വിദേശത്ത് നിന്നുള്ള തടിയുടെയും തടിയുൽപന്നങ്ങളുടെയും ഇറക്കുമതിയിൽ 45,000 കോടിയുടെ കുറവ് വരുത്തുക, എന്നിവ അവയിൽ ചിലതാണ്. ഇതെല്ലാം യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ വനഭൂമിക്ക് പുറത്തും വൻതോതിൽ നടീലും വനം വെച്ചുപിടിപ്പിക്കലും

പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനാദ്യം മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിലൂടെ വന (സംരക്ഷണ) നിയമം അനുസരിച്ച് സ്വന്തം ഭൂമി കൈമോശം വന്നുപോകുമോ എന്ന ഭൂവുടമകളുടെ ആശങ്ക മാറ്റണം.

4. ഇന്ത്യയിൽ വനഭൂമി വ്യത്യസ്ത രീതികളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരേ ഭൂമി തന്നെ പലപ്പോഴും റവന്യൂ രേഖകളിലും വനംവകുപ്പിന്റെ രേഖകളിലും പല രീതികളിൽ രേഖപ്പെടുത്താറുണ്ട്. ഇത് ദുർവ്യാഖ്യാനങ്ങൾക്കും നിയമപ്രശ്നങ്ങൾക്കും ഇടയാക്കുന്നു. അതുകൊണ്ടുതന്നെ ഈ പദങ്ങളിൽ വ്യക്തത വരുത്തേണ്ടതും അവയോരോന്നിലും ഈ നിയമം എങ്ങനെ ബാധകമാകുന്നു എന്ന് വിശദീകരിക്കേണ്ടതും അത്യാവശ്യമാണ്. റവന്യൂ രേഖകളിൽ വനം ഉൾപ്പെടെ എല്ലാ ഭൂമിയും ഉടമയുടെ പേരിലും തരമനുസരിച്ചും നിയമാനുസൃതം രേഖപ്പെടുത്തേണ്ടതാണ്. 1996 ഡിസംബർ 12ന് ശേഷം ഇങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ തോട്ടങ്ങളും വനമായി മാറിയ ഭൂമിയും ഈ നിയമത്തിൽ നിന്ന് ഒഴിവാക്കുന്നത് വളരെ ഉചിതമായിരിക്കും. കാർഷികാവശ്യങ്ങൾക്കായുള്ള വനംനടീൽ പോലുള്ള നൂതന വനംനടീൽ സംവിധാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും അത് പ്രോത്സാഹനമാകും.

5. ഒട്ടേറെ റോഡുകളുടെയും റയിൽവേ പാളങ്ങളുടെയും വശങ്ങളിൽ പച്ചപ്പ് വളരുകയും തുടർന്ന് അവയെ വനഭൂമിയാക്കി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പലയിടത്തും റയിൽവേയ്ക്കും ദേശീയപാതകൾക്കും അനുബന്ധമായ സൗകര്യങ്ങൾ നൽകുന്ന പല സ്ഥാപനങ്ങളും നിലവിലുണ്ട്. ഇത്തരം കേന്ദ്രങ്ങളിലേക്കുള്ള (സർക്കാർ ഉടമസ്ഥതയിലുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതും) വഴി കടന്നുപോകുന്നത് റയിൽവേയുടെയോ ദേശീയപാതയുടെയോ ഉടമസ്ഥതതയിലുള്ള വനമായി പരിണമിച്ചിട്ടുള്ള ഭൂമിയിലൂടെയാണ്. ഇത്തരം പ്രവൃത്തികൾ വന-ഇതര വിഭാഗത്തിൽ ഉൾപ്പെടുന്നതായതിനാൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത്തരം ആവശ്യങ്ങൾക്കോരോന്നും 0.05 ഹെക്ടർ സ്ഥലമാണ് സാധാരണ ആവശ്യമായി വരാറുള്ളത്. പ്രദേശവാസികളും വ്യാപാര ഉടമകളും നേരിടുന്ന അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന് 0.05 ഹെക്ടർ വരെയുള്ള ഭൂമി വന-ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി തേടേണ്ട ആവശ്യമില്ലാതെ വിട്ടുകൊടുക്കാമെന്നും മന്ത്രാലയം കരുതുന്നു.

6. ഈ നിയമത്തിൽ നിലവിലുള്ള വ്യവസ്ഥകളെല്ലാം ഭൂമിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ളതാണ്. ഏതെങ്കിലുമൊരു പ്രവൃത്തി നിരോധിക്കാനുള്ള വ്യവസ്ഥ നിയമത്തിലില്ല. ചില പ്രത്യേക ഭൂപ്രദേശങ്ങൾക്ക് തനതായ ചില സവിശേഷതകളോ ഉയർന്ന സംയോജിത മൂല്യമോ ഉണ്ടാകും. ഇതുകാരണം അത്തരം ഭൂമിയ്ക്ക് ഉയർന്ന സുരക്ഷ നൽകേണ്ടിവരും. ഇവിടങ്ങളിൽ വന-ഇതര പ്രവർത്തനങ്ങൾ നടത്തുന്നത് തടയാൻ ഈ നിയമം പര്യാപ്തമല്ല. മാത്രമല്ല, ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള 40 വർഷക്കാലത്തിനിടെ പാരിസ്ഥിതിക, ഭൂവിനിയോഗ ചട്ടങ്ങളിൽ ഒട്ടേറെ മാറ്റങ്ങളുമുണ്ടായിട്ടുണ്ട്. മാറുന്ന ആവാസ, സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക വ്യവസ്ഥിതികൾക്കനുസരിച്ച് ലോകത്തെല്ലായിടത്തും വന സംരക്ഷണത്തിനും പരിപാലനത്തിനും വികസനത്തിനുമുള്ള നയങ്ങളിലും പദ്ധതികളിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്. ചലനാത്മകമായ ഇത്തരം മാറ്റങ്ങൾക്ക് വിധേയമായി, ജൈവിക പാരമ്പര്യവും സമ്പത്തുമുള്ള ചില ആദിമ വനങ്ങൾ ഒരു നിശ്ചിത

കാലഘട്ടത്തേക്ക് അതേപടി നിലനിർത്തുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്താനും മന്ത്രാലയം ആലോചിക്കുന്നു.

7. രാജ്യത്തിന്റെ പരമാധികാരവും സുരക്ഷയും കാത്തുസൂക്ഷിക്കുന്നതിന് അതിർത്തിയിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ അതിർത്തിയിലെ വനപ്രദേശങ്ങളിലും നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രത്തിന്റെ അനുമതി തേടേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇത് പലപ്പോഴും ദേശീയപ്രാധാന്യവും നയപരവുമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന് തടസമാകാറുണ്ട്. തന്ത്രപ്രധാന കേന്ദ്രങ്ങളിൽ പെട്ടെന്ന് നടത്തേണ്ട നിർമാണ പ്രവർത്തനങ്ങൾ വൈകുന്നതിനും ഈ നിയമം കാരണമാകുന്നു. രാജ്യതാൽപര്യം കണക്കിലെടുത്ത് ഇത്തരം നിർമാണ പ്രവർത്തനങ്ങളെ ഈ നിയമത്തിന്റെ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ട്. രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട നയപരമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി സംസ്ഥാനങ്ങൾക്ക് വനഭൂമി, മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അനുമതി നൽകാനും ഉദ്ദേശിക്കുന്നു.

8. ഭൂമി ഖനനാവശ്യത്തിന് പാട്ടത്തിന് നൽകുമ്പോൾ ഈ നിയമത്തിന്റെ ഉപ വിഭാഗങ്ങളായ 2(ii) ഉം 2(iii) ഉം പലപ്പോഴും ആശയക്കുഴപ്പത്തിനിടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപവിഭാഗം 2(iii) ല് ഭൂമി പാട്ടത്തിന് നൽകുന്നതിനെ കുറിച്ചാണ് പരാമർശിക്കുന്നത്. 2(ii) ൽ പറയുന്നത് വനഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെ കുറിച്ചാണ്. ഉപവിഭാഗം 2(iii) പ്രകാരം നിലവിൽ അനുമതി നൽകുന്നതിന് വനഭൂമിയുടെ തത്കാല ഗുണിതം (NPV - Net Present Value) മാത്രം നൽകിയാൽ മതിയാകും. പിന്നീടങ്ങോട്ടുള്ള നടപടിക്രമങ്ങളിൽ വസ്തുതാ പരിശോധനയ്ക്ക് കാര്യമായ സ്ഥാനമില്ല. എന്നാൽ അനുമതി നൽകുന്നതിന് ഉപവിഭാഗം 2(ii) ആണ് പരിഗണിക്കുന്നതെങ്കിൽ, വളരെ വിശദമായ പരിശോധനകളും, ചട്ടങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചുള്ള പഠനങ്ങളും, വിവിധ കോടതി ഉത്തരവുകളും കണക്കിലെടുക്കണം. ഒപ്പം, തത്കാല ഗുണിതത്തിന് പുറമേ വനം വച്ചുപിടിപ്പിക്കുന്നതിനുള്ള പണവും ഭൂമിയും വിട്ടുനൽകുക, സുരക്ഷിത നടീൽ പാലിക്കുക, എന്നീ നഷ്ടപരിഹാര നടപടികളും വഹിക്കണം. ഫലത്തിൽ, ഖനനാവശ്യത്തിന് ഭൂമി പാട്ടത്തിനെടുക്കുന്ന ഒരാൾക്ക് ഉപവിഭാഗം 2(iii) പ്രകാരം അനുമതി തേടി തത്കാല ഗുണിതം മാത്രം സമർപ്പിച്ച് വലിയൊരളവ് വനഭൂമി കൈവശം വെയ്ക്കാനാകും. ഉപവിഭാഗം 2(iii) പ്രകാരം ലഭിക്കുന്ന അനുമതി, വനഭൂമി മറ്റാവശ്യങ്ങൾക്കുപയോഗിക്കാനുള്ള അനുമതിയായി വ്യാഖ്യാനിക്കാമോ എന്നതിൽ വ്യക്തതയില്ല. ഉപവിഭാഗം 2(iii) പ്രകാരം അനുമതി തേടുകയും എന്നാൽ ഉപവിഭാഗം 2(ii) പ്രകാരം അനുമതി തേടാനുള്ള അപേക്ഷ സമർപ്പിക്കുക പോലും ചെയ്തിട്ടില്ല എന്നിരിക്കട്ടെ. എങ്കിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദേശ പ്രകാരം 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമമനുസരിച്ച് മുൻകൂർ നാശനഷ്ടങ്ങൾ ഒഴിവാക്കാൻ പാരിസ്ഥിതിക അനുമതി നൽകാമോ എന്നതിലും ആശയക്കുഴപ്പം നിലനിൽക്കുന്നു. യഥാർത്ഥത്തിൽ വനഭൂമിയെ തകർക്കാതെയും വനനശീകരണം നടത്താതെയും നടീലിനും തോട്ടം പരിപാലനത്തിനുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഭൂമി പാട്ടത്തിന് നൽകാനാണ് ഉപവിഭാഗം 2(iii) കൂട്ടിച്ചേർത്തിട്ടുള്ളത്. വനഭൂമിയെ നശിപ്പിക്കുന്ന ഖനനം പോലെയുള്ള പ്രവർത്തനങ്ങൾക്ക് അനുമതി നൽകാനല്ല. എന്നാൽ പിന്നീട് ഖനനാവശ്യങ്ങൾക്ക് ഭൂമി പാട്ടത്തിന് നൽകുന്നതിനും ഉപവിഭാഗം 2(iii) ഉപയോഗിക്കാൻ തുടങ്ങുകയായിരുന്നു. ആയതിനാൽ, നിയമത്തിലെ ഉപവിഭാഗം 2(iii) മുഴുവനായും നീക്കം ചെയ്യാനുള്ള തീരുമാനം മന്ത്രാലയം മുന്നോട്ട് വെയ്ക്കുന്നു. വനഭൂമി മറ്റാവശ്യങ്ങൾക്കായി പാട്ടത്തിന് നൽകുന്ന എല്ലാ

നടപടികളിലും ഉപവിഭാഗം 2(ii) മാത്രം ഉപയോഗിച്ചാൽ മതിയെന്ന് വ്യക്തത വരുത്താനും ഉദ്ദേശിക്കുന്നു.

9. വിദൂര ഖനന സംവിധാനം (Extended Reach Drilling - ERD) പോലെയുള്ള പുതിയ സാങ്കേതിക വിദ്യകൾ ഇപ്പോൾ ലഭ്യമാണ്. വനഭൂമിക്ക് പുറത്ത് ആഴത്തിൽ കുഴിയെടുത്ത് ഭൂമിക്കടിയിലൂടെ തന്നെ വനഭൂമിയിലെത്തി എണ്ണയും പ്രകൃതിവാതകവും ഖനനം ചെയ്യാൻ ഇതിലൂടെ സാധിക്കും. ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ വനത്തിന്റെ ഉപരിതലത്തിലുള്ള മണ്ണിനോ അടിയിലുള്ള ജലവാഹകരായ പാറകൾക്കോ യാതൊരു കോട്ടവും ഉണ്ടാകുന്നില്ല. ഇത്തരം സാങ്കേതിക വിദ്യകൾ പരിസ്ഥിതി സൗഹൃദമാണെന്നും അവയെ ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നുമാണ് മന്ത്രാലയത്തിന്റെ കാഴ്ചപ്പാട്.

10. 1996 ഡിസംബർ 12ലെ സുപ്രീംകോടതി ഉത്തരവിന് ശേഷം വനം എന്ന വാക്കിന് നിഘണ്ടുവിൽ നൽകിയിരിക്കുന്ന നിർവചനം പ്രകാരമുള്ള എല്ലാ ഭൂമിയെയും വനമായി കണക്കാക്കാൻ തുടങ്ങി. സംസ്ഥാനങ്ങളിൽ സ്വകാര്യ വനനിയമങ്ങളും നിലവിലുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ സ്വന്തം ഭൂമി കാലക്രമേണ വനഭൂമിയായി പരിണമിക്കപ്പെട്ട് ഈ നിയമം ബാധകമായിത്തീർന്ന ഭൂവുടമകളിൽ നിന്ന് വ്യാപക പരാതികളുയർന്നിട്ടുണ്ട്. ഇതിന് പരിഹാരമായി സത്യസന്ധമായ അവകാശവാദമുന്നയിക്കുന്ന ഭൂവുടമകൾക്ക് നിർമാണ പ്രവർത്തനങ്ങൾ നടത്താൻ ഒറ്റത്തവണ അനുമതി നൽകാൻ മന്ത്രാലയം ഉദ്ദേശിക്കുന്നു. വനത്തെ സംരക്ഷിക്കുന്നതിന് ഉതകുന്ന നിർമാണ പ്രവർത്തനങ്ങളും പരമാവധി 250 സ്ക്വയർ മീറ്റർ വരെയുള്ള പാർപ്പിടങ്ങളും നിർമിക്കാനാണ് അനുവദിക്കുക. ഇത് ഒറ്റത്തവണ മാത്രം അനുവദിക്കുന്ന ഒരു പരിഹാര നടപടിയായിരിക്കും.

11. നിയമത്തിലെ രണ്ടാം അനുച്ഛേദത്തിന്റെ വിശദീകരണത്തിൽ 'വന-ഇതര' നിർമാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ പരിധിയിൽ വരാത്തവ എന്തൊക്കെയാണെന്നും പരാമർശിച്ചിട്ടുണ്ട്. വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിന് ഉപോൽബലകമായ പ്രവർത്തനങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടാൻ പാടില്ലാത്തതാണെന്ന് മനസ്സിലാക്കുന്നു. അതിനായി, മൃഗശാലകൾ, വനയാത്രകൾ, വന പരിശീലന കേന്ദ്രങ്ങൾ എന്നിവയെ ഉപവിഭാഗം 2(ii) ലെ 'വന-ഇതര' പ്രവർത്തികൾക്ക് നൽകിയിരിക്കുന്ന നിർവചനത്തിൽ വരാൻ പാടില്ലെന്ന നിർദ്ദേശവും മുന്നോട്ടുവെയ്ക്കുന്നു.

12. നഷ്ടപരിഹാരത്തുക ഈടാക്കുന്നത് നിർബന്ധമാക്കുന്നതിലൂടെ വനഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ച ശേഷം ആ ഭൂമിയെയും അവിടുത്തെ ആവാസ വ്യവസ്ഥയെയും പഴയ അവസ്ഥയിലേക്ക് തിരികെ കൊണ്ടുവരാൻ സാധിക്കുന്നു. എന്നാൽ വന-ഇതര ആവശ്യങ്ങൾക്ക് നൽകിയിരിക്കുന്ന പാട്ടക്കാലാവധി തീരുമ്പോൾ, അത് പുതുക്കുന്നതിനായി വീണ്ടും അതേ നഷ്ടപരിഹാരത്തുക ഈടാക്കിവരുന്നു. തുടർന്നു കൊണ്ടിരിക്കുന്ന വന-ഇതര പ്രവൃത്തികൾക്ക് തുടരുന്നതിന് വീണ്ടും ഈടാക്കുന്ന ഈ ഇരട്ടനഷ്ടപരിഹാരം നീതിയുക്തമല്ലെന്ന് കരുതുന്നു.

13. നിയമത്തിൽ വ്യക്തമായ ശിക്ഷാനടപടികൾ ഉണ്ടായിട്ടും വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമലംഘനം നിരുത്സാഹപ്പെടുത്തുന്നതിനായി ശിക്ഷകൾ കർശനമാക്കാൻ മന്ത്രാലയം ഉദ്ദേശിക്കുന്നു. അനുച്ഛേദം രണ്ടിന്റെ ലംഘനങ്ങൾക്ക് നേരിട്ട്

കേസെടുക്കാനും ജാമ്യമില്ലാത്ത വകുപ്പ് ചുമത്തി ഒരു വർഷം വരെ തടവുശിക്ഷ നൽകാനും ആലോചിക്കുന്നു. അനുച്ഛേദം 3A യിൽ വിഭാവനം ചെയ്തിട്ടുള്ള ശിക്ഷാനടപടികൾക്ക് പുറമേ, വനഭൂമിയിലുണ്ടാകുന്ന നാശനഷ്ടങ്ങൾ നികത്തുന്നതിന് പിഴയീടാക്കാനുള്ള നിർദേശങ്ങളും മുന്നോട്ടുവെയ്ക്കുന്നു. സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രഭരണ പ്രദേശങ്ങളുടെയോ ഏതെങ്കിലും ഉന്നതാധികാരിയാണ് കേസിൽ ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ, ഈടാക്കുന്ന നഷ്ടപരിഹാരത്തുക സംസ്ഥാന വനവത്കരണ നഷ്ടപരിഹാര ആസൂത്രണ ശേഖരത്തിൽ (State CAMPA) നിക്ഷേപിക്കുന്നതിന് പകരം ദേശീയ ഫണ്ടിൽ (National CAMPA) നിക്ഷേപിക്കാനുള്ള നിർദേശവും മുന്നോട്ട് വെയ്ക്കുന്നു.

14. വന-ഇതര ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിക്കുന്നതിന് മുമ്പ് നടത്തേണ്ടുന്ന നടപടിക്രമങ്ങളാണ് സർവേയും അന്വേഷണവും. വളരെ ചുരുങ്ങിയ സമയത്തേക്ക് മാത്രം വനഭൂമി മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന അവസരങ്ങൾ ഉണ്ടാകാറുണ്ട്. അത്തരം പ്രവർത്തനങ്ങൾ മൂലം വനഭൂമിയിലോ അവിടുത്തെ ജൈവവൈവിധ്യത്തിനോ കാര്യമായ മാറ്റങ്ങളോ തകരാറുകളോ ഉണ്ടാകാറില്ല. എന്നിരുന്നാലും അവ വന-ഇതര പ്രവൃത്തികളുടെ വിഭാഗത്തിൽ വരുന്നതായതിനാൽ, കേന്ദ്രത്തിന്റെ അനുമതി തേടുന്നതിനായി എല്ലാ ഔദ്യോഗിക നടപടികളും മുറപോലെ പിന്തുടർന്നു വരുന്നു. ഇത് സമയനഷ്ടത്തിനിടയാക്കുന്നു. ഇതൊഴിവാക്കാൻ, വനഭൂമിയിൽ പ്രത്യക്ഷമായ കേടുപാടുകളുണ്ടാക്കാത്ത പ്രവൃത്തികളെ ഈ വ്യവസ്ഥയിൽ നിന്നൊഴിവാക്കാനുള്ള നിർദ്ദേശവും മുന്നോട്ടുവെയ്ക്കുന്നു.

അനുബന്ധം

വന (സംരക്ഷണ) നിയമം, 1980
(1988 ല് കൂട്ടിച്ചേർത്ത ഭേദഗതികൾ ഉൾപ്പെടെ)

വനങ്ങളുടെ സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട സഹായകവും സഹജവുമായ വിഷയങ്ങൾ സംബന്ധിച്ച നിയമം.

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും വിധം ഈ നിയമം പാർലമെന്റിൽ അവതരിപ്പിക്കുന്നു:-

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

(1) ഈ നിയമത്തെ 1980 ലെ വന (സംരക്ഷണ) നിയമം എന്ന് വിളിക്കാം.
(2) ജമ്മുകശ്മീർ ഒഴികെ ഇന്ത്യയിൽ എല്ലായിടത്തും ഈ നിയമം ബാധകമായിരിക്കും.
(3) ഈ നിയമം 1980 ഒക്ടോബർ 25ന് പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

2. വനഭൂമിയുടെ സംരക്ഷിതപദവി നീക്കുന്നതിനെയും വനഭൂമി വന-ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെയും വിലക്കുന്നു

ഇതുസംബന്ധിച്ച് ഏതെങ്കിലും സംസ്ഥാനത്ത് ഒരു നിയമം നിലവിൽ ഉണ്ടാകിലും, കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു സംസ്ഥാന സർക്കാരിനും ഭരണകൂടത്തിനും താഴെ പറയുന്ന കാര്യങ്ങളിൽ ഇനി ഉത്തരവിടാനാകുന്നതല്ല -

i. ഏതെങ്കിലും സംരക്ഷിത വനത്തെയോ (നിലവിൽ ആ സംസ്ഥാനത്തുള്ള നിയമം 'സംരക്ഷിത വനം' എന്ന് നിർവചിച്ചിട്ടുള്ള പദത്തിന്റെ പരിധിയിൽ വരുന്ന എല്ലാ ഭൂമിയും ഉൾപ്പെടെ) അതിന്റെ ഒരു ഭാഗത്തെയോ, ആ പദവിയിൽ നിന്ന് നീക്കുക;

ii. ഏതെങ്കിലും വനഭൂമിയോ അതിന്റെ ഭാഗമോ വന-ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുക;

iii. വനഭൂമിയോ അതിന്റെ ഭാഗങ്ങളോ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പാട്ടത്തിന് നൽകുക. അത് കോർപ്പറേഷനുകൾ, സമിതികൾ, അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഭരണത്തിലോ ഉള്ള സ്ഥാപനങ്ങളായാലും;

iv. ഏതെങ്കിലും വനഭൂമിയിലോ വനഭാഗത്തോ സ്വാഭാവികമായി വളർന്ന മരങ്ങൾ നടീലിനുവേണ്ടി മുറിച്ചുമാറ്റുക.

വിശദീകരണം - 'വന-ഇതര' ഉപയോഗം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് താഴെ പറയുന്നവയാണ്.

a. തേയില, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, തെങ്ങ്, എണ്ണയുൽപാദിപ്പിക്കുന്ന ചെടികൾ, മുരുന്നുചെടികൾ, തോട്ടക്കൃഷി എന്നിവ
b. വനവത്കരണം ഒഴികെയുള്ള മറ്റെല്ലാ പ്രവർത്തനങ്ങളും.

എന്നാൽ വനസംരക്ഷണത്തിനും വികസനത്തിനും വനത്തിന്റെയും വന്യജീവികളുടെയും പരിപാലനത്തിനും അനുബന്ധമായി വരുന്ന ചെക്ക് പോസ്റ്റ് നിർമാണം, കാട്ടുതീ നിയന്ത്രണ രേഖ, കമ്പിയില്ലാ ആശയവിനിമയ സംവിധാനങ്ങൾ, വേലികളുടെയും പാലങ്ങളുടെയും ഡാമുകളുടെയും ജലസ്രോതസ്സുകളുടെയും കലുങ്കുകളുടെയും കിടങ്ങുകളുടെയും നിർമാണം, അതിർത്തി രേഖകളുടെയും കുഴലുകളുടെയും സ്ഥാപനം, എന്നീ പ്രവർത്തനങ്ങൾ അതിലുൾപ്പെടുന്നില്ല.

**3.** ഉപദേശക സമിതിയുടെ രൂപീകരണം

കേന്ദ്ര സർക്കാരിന് വേണമെങ്കിൽ ഉചിതമായ എണ്ണം അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ ഉപദേശം തേടുന്നതിന് വേണ്ടി ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

i. വർഗം രണ്ടിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ അനുമതി നൽകുന്നത് സംബന്ധിച്ച്
ii. വനങ്ങളുടെ സംരക്ഷണം സംബന്ധിച്ച് കേന്ദ്ര സർക്കാർ സൂചിപ്പിക്കുന്ന മറ്റേത് വിഷയത്തിന്മേലും

**3A.** നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷ -

വർഗം രണ്ടിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നവർക്ക് പരമാവധി 15 ദിവസം വരെ നീളുന്ന തടവുശിക്ഷ നൽകാവുന്നതാണ്.

**3B.** സർക്കാർ വകുപ്പുകളും അധികാരികളും നടത്തുന്ന നിയമലംഘനങ്ങൾ -

1) താഴെ പറയുന്നവരിൽ ആരെങ്കിലും ഈ നിയമം ലംഘിച്ചാൽ -

(a) ഏതെങ്കിലും സർക്കാർ വകുപ്പോ അതിന്റെ തലവനോ,
(b) എതെങ്കിലും അധികാര സ്ഥാപനമോ അതിന്റെ അധികാരിയോ, കുറ്റകൃത്യം നടന്ന സമയം നേരിട്ട് അധികാരത്തിലിരിക്കുകയും ഉത്തരവാദിത്വമുണ്ടായിരിക്കുകയും ചെയ്യുന്ന വ്യക്തിയോ,

അവരെയും കുറ്റക്കാരായി കണക്കാക്കേണ്ടതും അവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്;

എന്നാൽ, വർഗം (b) യിൽ പരാമർശിച്ചിട്ടുള്ള വ്യക്തിയുടെ അറിവോടെയല്ല കുറ്റം നടന്നിട്ടുള്ളതെന്നും ആ നിയമലംഘനം തടയുന്നതിന് ആ വ്യക്തിയുടെ ഭാഗത്ത് നിന്ന് വീഴ്ചയോ

ജാഗ്രതക്കുറവോ ഉണ്ടായിട്ടില്ലെന്നും തെളിയിക്കാനായാൽ, ഈ ഉപവിഭാഗത്തിൽ പരാമർശിച്ചിട്ടുള്ള യാതൊരു ശിക്ഷാനടപടികളും ആ വ്യക്തിക്ക് മേൽ ചുമത്താൻ പാടുള്ളതല്ല.

2) വിഭാഗം (b) യുടെ ഉപവിഭാഗം (1)ന് പുറമേ, വർഗം (b) യിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഒരു സർക്കാർ വകുപ്പോ അധികാരിയോ ഉദ്യോഗസ്ഥനോ ആണ് നിയമം ലംഘിച്ചിട്ടുള്ളതെങ്കിൽ (വകുപ്പ് തലവൻ ഒഴികെ), ആ വ്യക്തിയുടെ അറിവോടും സമ്മതത്തോടെയുമാണ് കുറ്റം നടന്നതെന്ന് തെളിഞ്ഞാൽ, അവരെയും കുറ്റക്കാരായി കണക്കാക്കി നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ആ വ്യക്തിയുടെ ഭാഗത്ത് നിന്ന് കുറ്റകരമായ വീഴ്ചയുണ്ടായെന്ന് തെളിഞ്ഞാലും നടപടി സ്വീകരിക്കേണ്ടതാണ്.

**4.** ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം -

1) ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനത്തിലൂടെ കേന്ദ്ര ഗവൺമെന്റിന് ആവശ്യമായ നിയമനിർമാണങ്ങൾ നടത്താവുന്നതാണ്.
2) ഈ നിയമത്തിന് കീഴിലുണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും രൂപീകരിച്ചയുടനെ തന്നെ പാർലമെന്റിന്റെ ഇരുസഭകളിലും സമ്മേളനം നടക്കുന്ന കുറഞ്ഞത് മുപ്പത് ദിവസം വെയ്ക്കേണ്ടതാണ്. ആ മുപ്പത് ദിവസം ഒരു സമ്മേളനത്തിന്റെയോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങൾ ചേർന്നുള്ളതോ ആകാം. മുപ്പതാം ദിവസത്തെ സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ നിയമങ്ങൾ അംഗീകരിച്ചാൽ നിയമം പ്രാബല്യത്തിൽ കൊണ്ടുവരാം. നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വേണമെന്ന് സഭ ആവശ്യപ്പെട്ടാൽ ആ മാറ്റങ്ങളോടുകൂടിയായിരിക്കണം നിയമം പ്രാബല്യത്തിൽ വരുത്തേണ്ടത്. അഥവാ, നിയമം അസാധുവാക്കണമെന്നാണ് സഭയുടെ തീരുമാനമെങ്കിൽ, ആ നിയമം പ്രാബല്യത്തിൽ വരാൻ പാടുള്ളതല്ല. എന്നാൽ ഭേദഗതിയായാലും അസാധുവാക്കലായാലും ആ നിയമത്തിന് കീഴിൽ മുമ്പ് അനുശാസിച്ചിട്ടുള്ളവയുടെ സാധുതയില്ലാതെയാകരുത്.

**5.** അസാധുവാക്കലും ഒഴിവാക്കലും -

(1) ഈ നിയമം 1980 ലെ വന (സംരക്ഷണ) ഓർഡിനൻസിന് പകരമുള്ളതാണ്.

(2) എങ്കിലും, ഈ ഓർഡിനൻസിന്റെ വ്യവസ്ഥകളനുസരിച്ച് എടുത്തിട്ടുള്ള എല്ലാ നടപടികളും ഇനിമുതൽ ഈ നിയമത്തിന് കീഴിൽ സ്വീകരിച്ചിട്ടുള്ള നടപടികളായി കണക്കാക്കുന്നതാണ്.

ദയവായി ശ്രദ്ധിക്കുക: ഇംഗ്ലീഷിൽ തയാറാക്കപ്പെട്ട അഭിപ്രായസ്വരൂപണ പത്രത്തിന്റെ പരിഭാഷയാണിത്. പരിഭാഷയുടെ വ്യാഖ്യാനത്തിൽ എന്തെങ്കിലും അർത്ഥവ്യത്യാസമുണ്ടായാൽ, ഇംഗ്ലീഷിലുള്ള മൂലരേഖ അന്തിമമായി കണക്കാക്കും.